# നയതന്ത്ര ചർച്ചകൾക്കുള്ള ഭാരത-ജിസിസി സംയുക്ത മന്ത്രിതല സമ്മേളനത്തിനായി വിദേശകാര്യമന്ത്രി ഡോ. എസ്. ജയശങ്കറിൻ്റെ സൗദി അറേബ്യ സന്ദർശനം

2024 സെപ്തംബർ 09

ഇദം പ്രഥമമായി നടക്കുന്ന നയതന്ത്ര ചർച്ചകൾക്കായുള്ള ഭാരത-ജിസിസി സംയുക്ത മന്ത്രിതല സമ്മേളനത്തിനായി വിദേശകാര്യമന്ത്രി ഡോ. എസ്. ജയശങ്കർ 2024 സെപ്തംബർ 8-9 തീയതികളിൽ സൗദി അറേബ്യയിലെ റിയാദ് സന്ദർശിച്ചു.

2. തൻ്റെ സന്ദർശനവേളയിൽ ഡോ. ജയശങ്കർ, നയതന്ത്ര ചർച്ചകൾക്കായുള്ള ഭാരത-ജിസിസി സംയുക്ത മന്ത്രിതല സമ്മേളനത്തിൽ ബഹുമാന്യനായ ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും ഒപ്പം ജിസിസി മന്ത്രിതല കൗൺസിലിൻ്റെ നിലവിലെ അദ്ധ്യക്ഷനുമായ ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽറഹ്മാൻ ബിൻ ജാസിം അൽതാനിയ്ക്കൊപ്പം സഹാദ്ധ്യക്ഷം വഹിച്ചു. വിദേശകാര്യമന്ത്രി തലത്തിൽ ഭാരതവും ഗൾഫ് സഹകരണ കൗൺസിൽ (ജിസിസി) യുമായുള്ള ആദ്യ സമ്മേളനമായിരുന്നു ഇത്, ഇതിൽ എല്ലാ ജിസിസി രാജ്യങ്ങളിലെയും വിദേശകാര്യമന്ത്രിമാരും ഒപ്പം ബഹുമാന്യനായ ജിസിസി സെക്രട്ടറി ജനറൽ ജാസിം മൊഹമ്മദ് അൽബുദൈവിയും പങ്കെടുത്തു.

3. ഡോ.ജയശങ്കറും വിദേശകാര്യ മന്ത്രിമാരും, ഈ ആദ്യ മന്ത്രിതല സമ്മേളനത്തിൻ്റെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംയുക്ത പ്രതിബദ്ധത ആവർത്തിച്ചു. ഒരു കൂട്ടായ സ്ഥാപനമെന്ന നിലയിൽ ഗൾഫ് സഹകരണ കൗൺസിലിന് ഭാരതം സുപ്രധാന സ്ഥാനം കൽപ്പിക്കുന്നുണ്ടെന്ന് ഡോ. ജയശങ്കർ എടുത്തു പറയുകയും ഭാരതത്തിൻ്റെ വിപുലീകൃത അയൽപക്കമെന്ന നിലയിൽ അവരുടെ രാജ്യങ്ങളിലെ വലിയ ഇന്ത്യൻ പ്രവാസി സമൂഹത്തെ പരിപാലിക്കുന്നതിന് ജിസിസി രാജ്യങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. നേതാക്കൾ ഭാരത-ജിസിസി ബന്ധങ്ങളെപ്പറ്റി വിശദമായ അവലോകനം നടത്തുകയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ബന്ധങ്ങളിൽ കൈവരിച്ച ഉയർച്ചയെ അഭിനന്ദിക്കുകയും ചെയ്തു. ഡോ. ജയശങ്കറും വിദേശകാര്യമന്ത്രിമാരും വിവിധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കേണ്ടതിൻ്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. .

4. ഗൾഫ് സഹകരണ കൗൺസിലും ഭാരതവും തമ്മിലുള്ള തന്ത്രപരവും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നതുമായ പങ്കാളിത്തത്തിൻറെ പ്രാധാന്യം ഡോ. ജയശങ്കർ  അടിവരയിട്ടു പറഞ്ഞു. വ്യാപാരം, നിക്ഷേപം, അടിസ്ഥാനസൗകര്യ വികസനം, ജനങ്ങളുമായുള്ള ബന്ധം എന്നിവയിലെ സഹകരണ സംരംഭങ്ങളിലൂടെ, ഈ പങ്കാളിത്തം മേഖലയിലും ഭാരതത്തിലും സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുക മാത്രമല്ല, കൂടുതൽ സുസ്ഥിരവും സമൃദ്ധവുമായ ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു.

5. ആരോഗ്യം, വ്യാപാരം, സുരക്ഷ, കൃഷി, ഭക്ഷ്യസുരക്ഷ, ഗതാഗതം, ഊർജ്ജം, സംസ്കാരം തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ വിവിധ സംയുക്ത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായുള്ള സംയുക്ത കർമ്മ പദ്ധതി 2024-2028 -ഉം യോഗം അംഗീകരിച്ചു. പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ പിന്നീട് കൂടുതൽ സഹകരണ മേഖലകൾ സംയുക്ത കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും തീരുമാനമായി.

6.  രാജ്യാന്തരതലത്തിലും മേഖലാതലത്തിലും പരസ്പര താത്പര്യമുള്ള വിഷയങ്ങളും യോഗത്തിൽ പരിഗണിച്ചു.

7. ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽറഹ്മാൻ ബിൻ ജാസിം അൽതാനി, സൗദി അറേബ്യയുടെ വിദേശകാര്യ മന്ത്രി ബഹുമാന്യനായ ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് രാജകുമാരൻ, ബഹുമാന്യനായ  ഒമാൻ വിദേശകാര്യ മന്ത്രി സയ്യിദ് ബദർ ബിൻ ഹമദ് ബിൻ ഹമൂദ് അൽബുസൈദി, ബഹുമാന്യനായ കുവൈത്ത് വിദേശകാര്യ മന്ത്രി  അബ്ദുള്ള അലി അൽ യാഹ്യ, ബഹ്റൈൻ വിദേശകാര്യ മന്ത്രി ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽ സയാനി എന്നിവരുമായും ഭാരത-ജിസിസി മന്ത്രിതല സമ്മേളന സമയത്ത് ഡോ. ജയശങ്കർ പ്രത്യേകം പ്രത്യേകം ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി.

റിയാദ്
**2024 സെപ്തംബർ 09**